# നമ്മുടെ വിഭവങ്ങൾ ലേലത്തിനു വയ്ക്കുന്ന കരാർ

വന്ദനാ ശിവ

ലോകവ്യാപാരസംഘടനയുടെ അടിസ്ഥാനമായ ഗാട്ട് കരാറിനെപ്പറ്റി നമുക്കിന്നറിയാം.ആ സംഘടന അതിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിക്കൊണ്ട് ആക്രമണസ്വഭാവത്തോടെ ലോകരാഷ്ട്രങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമിക്കുന്നതാണ് ഗാട്ട്സ് (സേവനമേഖലകളെ സംബന്ധിച്ച കരാർ). ജനകീയപ്രതിഷേധങ്ങളും മൂന്നാംലോകരാജ്യങ്ങളിൽ ചിലവയുടെ കഠിനമായ എതിർപ്പും മൂലം സിയാറ്റിലിൽ നടന്ന യോഗത്തിൽ വച്ച് ഈ അജണ്ട പുറത്തെടുക്കാനായില്ല.സർവീസസ് അഥവാ സേവനങ്ങൾ എന്നിവയിൽ ആരോഗ്യം,വിദ്യാഭ്യാസം,ഊർജ്ജം,ഗതാഗതം,പരിസ്ഥിതി,ഭക്ഷ്യവിതരണം എന്നിവയോടൊപ്പം സർക്കാർ നൽകുന്ന പൊതുസേവനങ്ങളും പെടും. 94ൽ തയ്യാറാക്കിയ ഗാട്ട്സിൽ ഉൾപ്പെടുന്നവ : ബിസിനസ്സ്,ടെലഫോൺ-തപാൽ-ദൃശ്യശ്രാവ്യമാദ്ധ്യമങ്ങൾ എന്നിവയടങ്ങിയ വാർത്താവിനിമയം, നിർമ്മാണവും ബന്ധപ്പെട്ട സാങ്കേതികസേവനങ്ങളും,വിതരണം,വിദ്യാഭ്യാസം,ജലവിതരണം-ഊർജ്ജം-മാലിന്യനിർമ്മാർജ്ജനം എന്നിവയടങ്ങിയ പരിസ്ഥിതി,സാമ്പത്തികം, ആരോഗ്യം,ടൂറിസവും അതിനു വേണ്ടതും അല്ലാത്തതുമായ വിനോദോപാധികളും,യാത്ര,സംസ്കാരം,സ്പോർട്ട്സ്,ജല-വായു-റെയിൽ-റോഡ് ഗതാഗതം അടക്കമുള്ളവ...

അതായത് നമ്മുടെ ജീവിതത്തിന്റെ എല്ലാ ഘടകങ്ങളും ഇവിടെ വിൽപ്പനക്കുവെയ്ക്കുന്നു. മനുഷ്യന്റെ എല്ലാ ആവശ്യങ്ങളുടെയും എല്ലാ മാനവിക പ്രവർത്തനങ്ങളുടെയും സമസ്തഭാവങ്ങളും വ്യാപാരവസ്തുവായി നിർവചിക്കപ്പെടുന്നു. അധികാരഘടനയെ കീഴ്മേൽ മറിക്കുന്ന സമീപനമായി ഈ കരാറിനെ അവതരിപ്പിക്കുന്ന തരത്തിലുള്ള സമർത്ഥമായ ഭാഷയിലാണ് ഇതെഴുതിയിരിക്കുന്നത്.

ജനകീയാഭിപ്രായങ്ങളനുസരിച്ച് അവയിൽ ആവശ്യമായ ഭേദഗതി വരുത്തണം. അതില്ലാത്തിടത്തോളം 'മുകളിൽ നിന്നും' ലോകജനതയുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട ഒന്നായി മാത്രമേ ഇതിനെ കാണാനാവൂ. ലോകവ്യാപാര സംഘടനയിൽ അംഗമായി എന്നതുകൊണ്ടുമാത്രം തങ്ങളുടെ നാട്ടിലെ ജനസമൂഹത്തിന്റെ ജീവിതവും സുരക്ഷിതത്ത്വവും അടിയറ വെച്ചുകൊണ്ട് തദ്ദേശീയ സർക്കാരുകൾ നടത്തുന്ന പ്രവർത്തനങ്ങൾ നിയമവിധേയമാണെന്നോ ജനാഭിലാഷ പ്രകാരമാണെന്നോ പറയാനാവില്ല. സംസ്കാരം, വിഭവങ്ങൾ, എന്നിവക്കു പുറമെ കരാറിലേർപ്പെടുന്ന തദ്ദേശീയ സർക്കാരുകളുടെ അധികാര പരിധിയിൽ പോലും പെടാത്ത തർക്കവിഷയങ്ങളുടെ മേൽ പോലും കടന്നുകയറ്റം നടത്താൻ അന്യർക്കനുവാദം നൽകുന്നതാണ് ഈ കരാർ.

ഊർജ്ജ-ജലവിതരണ രംഗത്തെ ആഗോളഭീമൻമാരായ ബെക്ടൽ, സൂയസ്, വിവെണ്ടി തുടങ്ങിയവയും ആരോഗ്യമേഖലയിലെ ഉദാരവൽക്കരണത്തിനു വേണ്ടി സമ്മർദ്ദം ചെലുത്തുന്നത്. ഖനനത്തിലും മരവ്യവസായത്തിലുമുള്ള വൻകിടകമ്പിനികളും ഗാട്ട്സിന് വേണ്ടിവാദിക്കുന്നു. അപകടകരമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവരും ഇതിന്റെ പിന്നാലെയുണ്ട്.

**ജീവജലത്തിന്റെ കച്ചവടവൽക്കരണം**

ഇപ്പോൾത്തന്നെ ഈ രംഗത്തു നടക്കുന്ന വ്യാപാരം ഉൽപ്പന്നവ്യാപാരത്തേക്കാൾ കൂടുതലാണ് എന്നു പറഞ്ഞുകൊണ്ടാണ് കൂടുതൽ വ്യാപാരവൽക്കരണത്തിനു വേണ്ടി വാദിക്കുന്നത്. ഇതുവഴി സേവനങ്ങളുടെ 'കാര്യക്ഷമത' വർദ്ധിക്കുമെന്നും വിലകുറയുമെന്നുമാണ് ഇവരുടെ വാഗ്ദാനം(നമ്മുടെ കുട്ടി വിദഗ്ദ്ധരും ഇതുതന്നെ പറയുന്നു-വിവർത്തകൻ).

എന്നാൽ ബൊളീവിയയിലും പോർട്ടോറിക്കയിലും അർജന്റീനയിലും നടന്ന ജലവിതരണത്തിന്റെ സ്വകാര്യവൽക്കരണവും കാലിഫോർണിയയിലും ഇന്ത്യയിലെ മഹാരാഷ്ട്രയിലും നടന്ന ഊർജ്ജത്തിന്റെ സ്വകാര്യവൽക്കരണവും ഈ വാദം ശുദ്ധകളവാണെന്നു കാണിക്കുന്നു. ബൊളീവിയയിൽ പൊതുജലവിതരണ സംവിധാനം 'ബെക്ടൽ' എന്ന കമ്പനിയെ ഏൽപ്പിച്ചപ്പോൾ വെള്ളത്തിന്റെ വില നാടകീയമായി ഉയർന്നു. ജനങ്ങളുടെ പ്രതിഷേധമിരമ്പി. ആറുപേർ കൊല്ലപ്പെട്ടു. നൂറുകണക്കിന് പേർക്കു പരിക്കേറ്റു. ഒടുവിൽ ബെക്ടലിനെ പുറത്താക്കി.

പോർട്ടോറിക്കയിൽ 1995 ൽ ജലവിതരണം സ്വകാര്യവൽക്കരിച്ചു. ദരിദ്രർക്കു വെള്ളം കിട്ടാതാവുകയും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും അമേരിക്കൻ സൈനികത്താവളങ്ങളിലും മാത്രം കണക്കില്ലാതെ ലഭ്യമാവുകയും ചെയ്തു. അർജ്ജന്റീനയിൽ 'ഷെനറൽ ദെ ഊ' എന്നകമ്പനിയെയാണ് വെള്ളത്തിന്റെ വിതരണം ഏൽപ്പിച്ചത്. അതിന്റെ ഫലമായി വില പല മടങ്ങായി, ഗുണനിലവാരം കുറഞ്ഞു. ജനങ്ങൾ പണമടക്കാൻ വിസമ്മതിച്ചപ്പോൾ കമ്പനി പിൻവാങ്ങി.

(തുടരും)

(വന്ദനാ ശിവ എഴുതിയ ലേഖനത്തിന്റെ സ്വതന്ത്ര പരിഭാഷ)

## നമ്മുടെ ജീവിതം ലേലത്തിന് ..

**സി.ആർ. നീലകണ്ഠൻ നമ്പൂതിരി**

1994ൽ ഉറുഗ്വയിൽ ആരംഭിച്ചത് സിയാറ്റിൽ, പ്രാഗ് വഴി വരുന്ന നവമ്പറിൽ ഖത്തറിലെ ദോഹയിൽ എത്തിച്ചേരുകയാണ് ലോകവ്യാപാര സംഘടനയുടെ ഉച്ചകോടികൾ.ആഗോള-ഉദാര-സ്വകാര്യവത്കരണത്തിന്റെ ഇതു വരെയുള്ള പ്രവർത്തനങ്ങളിലൂടെ മൂന്നാം ലോകത്തിലെ വലിയൊരു വിഭാഗം ജനങ്ങളെ ദാരിദ്രത്തിലേക്കും പട്ടിണിയിലേക്കും തള്ളിയിട്ട വ്യാപാര നിയമങ്ങൾ കുറേക്കൂടി കർശനമാക്കുവാനും ഇതുവരെ ചരക്കുകളുടെ (ഉൽപന്നങ്ങളുടെ) മേൽ മാത്രം ബാധകമായ നിയമങ്ങൾ സേവന മേഖലയിലേക്കു കൂടി വ്യാപിപ്പിക്കുന്നതിനു വേണ്ടിയുള്ള ഗാട്ട്സ്(GATS-ജനറൽ എഗ്രിമന്റ് ഓൺ ട്രേഡ് ഇൻ സർവ്വീസസ്) എന്ന കരാർ ഒപ്പിടാനും ദോഹയിൽ വേദിയൊരുക്കുകയാണ് ബഹുരാഷ്ട്ര കമ്പനികളുടെ പ്രതിനിധികൾ.

നാട്ടിലെ ജനങ്ങളുമായി ചർച്ച ചെയ്യുന്നില്ലെന്നതോ പോകട്ടെ,നമ്മുടെ ജനപ്രതിനിധി സഭയെ പ്പോലും അറിയിക്കാതെയാണ് 94ലെ ഗാട്ട് കരാർ അടക്കമുള്ള പലതിലും ജനകീയ സർക്കാർ ഒപ്പിട്ട് കൊടുത്തത്.എന്നാൽ ഈ സാമ്പത്തിക നയങ്ങളും അവയുടെ പിന്നിൽ പ്രവർത്തിക്കുന്ന താല്പര്യങ്ങളും കണ്ടറിഞ്ഞ് അതിനെതിരായി സാധ്യമായ എല്ലാ പ്രതിരോധങ്ങളും ഉയർത്തുന്നവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഈ സമരങ്ങൾക്ക് ബൗദ്ധികമായ നേതൃത്വം നൽകിക്കൊണ്ട് കർഷകരുടെയും മറ്റ് ദരിദ്രരുടെയും ജീവിക്കാനുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി പോരാടുന്ന വ്യക്തിയാണ് വന്ദനാശിവ.ദില്ലിയിലെ റിസർച്ച് ഫൗണ്ടേഷൻ ഫോർ സയൻസ്,ടെക്നോളജി ആന്റ് ഇക്കോളജി സ്ഥാപനത്തിന്റെ ഡയറക്ടറായ വന്ദനാ ശിവയെപ്പറ്റി ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ പറഞ്ഞു: "മൊൺസാന്റോ തുടങ്ങിയ ബഹുരാഷ്ട്ര വിത്തുകമ്പനികൾ ലോകത്തിൽ ഏതെങ്കിലുമൊരു വ്യക്തിയെ ഭയപ്പെടുന്നുവെങ്കിൽ അതു വന്ദനാ ശിവയെയാണ്."